<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159</u> <u>21-06-2024 - ൽ മറുപടിയ്ക്ക്</u>

## രജിസ്ട്രേഷൻ ഇല്ലാത്ത ഹോട്ടലുകൾക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/ വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കേണ്ടതാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷ സമർപ്പിയ്ക്കേണ്ടത്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കുന്നു. ആയതിനായി അപേക്ഷകൻ ഭക്ഷ്യ സുരക്ഷാ ഓഫീസിൽ എത്തേണ്ട ആവശ്യമില്ല .<br><br>ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വകുപ്പ് നടത്തി വരുന്ന ഭക്ഷ്യ പരിശോധനകളിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാതെ പ്രവർത്തിയ്ക്കുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് നോട്ടീസ് നൽകുകയും ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു. കൂടാതെ ഓപ്പറേഷൻ ഫോസ്കോസ് പോലുള്ള സ്പെഷ്യൽ ഡ്രൈവുകൾ നടത്തി എല്ലാ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പിന്റെ ഭാഗത്ത് നിന്നും നടത്തി വരുന്നു. |
| (സി) | രജിസ്ട്രേഷൻ ഇല്ലാത്ത ഹോട്ടലുകളിൽ നിന്നും ഭക്ഷ്യ വിഷബാധ ഉണ്ടായത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; | (സി) | രജിസ്ട്രേഷൻ ഇല്ലാത്ത ഹോട്ടലുകളിൽ നിന്നും ഭക്ഷ്യ വിഷബാധ ഉണ്ടായത് ഗൗരവപൂർവ്വം കണ്ട് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ചെറുവത്തൂർ ഷവർമ ഭക്ഷ്യ വിഷബാധ ഉണ്ടായ സംഭവത്തിൽ സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് വീഴ്ച കൂടാതെ ഇത്തരത്തിലുള്ള സംഭവങ്ങൾ തടയുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ഷവർമ്മ പരിശോധനകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തി വരുന്നു. ഗുരുതരമായ വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തൽ, അടച്ചുപൂട്ടൽ, പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ കൈക്കൊള്ളുന്നു. |
| (ഡി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധനകളിലെ വീഴ്ചകളാണോ ഇത്തരത്തിൽ ഭക്ഷ്യവിഷബാധ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണമെന്ന് വ്യക്തമാക്കുമോ? | (ഡി) | മറുപടി (സി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ